# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **8383** **25/07/2012**-ൽ മറുപടിക്ക്

<u>മൃഗശാലകളിലെ പകർച്ചവ്യാധികൾ</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. കെ. ദാസൻ

കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മൃഗശാലകളിൽ 'ട്രിപ്പനോസോമിയാസിസ്' പോലുള്ള മാരകരോഗങ്ങൾ പടരുന്നതും ഒട്ടേറെ മൃഗങ്ങൾ മരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തിരുവനന്തപുരം മൃഗശാലയിൽ 'രാഹുൽ' എന്ന കടുവയ്ക്ക് "ട്രിപ്പനോസോമിയാസിസ്" എന്ന രോഗം ബാധിച്ചിരുന്നു. രോഗം ആരംഭത്തിൽ കണ്ടുപിടിച്ച് ചികിത്സിച്ചതിനാൽ മരണം സംഭവിച്ചില്ല. കൂടാതെ മറ്റ് മൃഗങ്ങൾക്ക് രോഗം പകരാതെ നിയന്ത്രണ വിധേയമാക്കാനും സാധിച്ചു. |
| (ബി) | മൃഗശാലകളിലെ അന്തേവാസികളെ സംരക്ഷിക്കാനും അവയുടെ വംശം നിലനിർത്താനും ഈ സർക്കാർ എന്തെല്ലാം പദ്ധതികളും പരിപാടികളുമാണ് ആവിഷ്കരിച്ചത്; | (ബി) | മൃഗശാലയിലെ മൃഗങ്ങൾക്ക് നല്ല രീതിയിലുള്ള ഭക്ഷണം നൽകി വരുന്നു. മൃഗങ്ങൾക്ക് രോഗങ്ങൾ തടയുവാൻ പ്രതിരോധ നടപടികളും ശുചീകരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. കൂടാതെ ലഭ്യമായ പ്രതിരോധ വാക്സിനുകൾ കൊടുക്കുകയും രോഗം കൃത്യസമയത്ത് കണ്ടുപിടിച്ച് ചികിത്സിക്കുന്നതിന് മുൻകരുതൽ നടപടിയും സ്വീകരിച്ച് വരുന്നു. മൃഗങ്ങളുടെ സ്വതന്ത്ര വിഹാരത്തിന് പ്രകൃതിദത്തമായ ആവാസവ്യവസ്ഥകൾ സജ്ജമാക്കിയിട്ടുണ്ട്. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന പക്ഷിമൃഗാദികൾ അന്യം നിന്ന് പോകാതിരിക്കാൻ മൃഗശാലയിൽ ഇവയ്ക്ക് തനതായ ആവാസ വ്യവസ്ഥ ഒരുക്കുന്നതിനും പരിചരണത്തിനും പ്രത്യുല്പാദനം നടത്തുന്നതിന് അനുയോജ്യമായ സാഹചര്യങ്ങൾ |

| | | | |
|---|---|---|---|
| | | | ഒരുക്കുന്നതിനും പ്രത്യേകം ശ്രദ്ധ ചെലുത്തുന്നു. ഇക്കാര്യങ്ങൾക്കായി കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി നടപ്പി ലാക്കി വരുന്നു. കേന്ദ്രമൃഗശാലാ അതോറിറ്റി മൃഗശാലയുടെ പ്രവർത്തന മികവ് കണക്കിലെടുത്ത് സിംഹവാലൻ കുരങ്ങുകളുടെ പ്രജനന കേന്ദ്രമായി തിരുവനന്തപുരം മൃഗശാലയെ അംഗീ കരിച്ചിട്ടുണ്ട്. |
| (സി) | മൃഗശാലകളുടെ 'മിനിയേച്ചർ' രൂപത്തിലുള്ള മൃഗങ്ങളുടെ പാർക്കുകൾ നഗരങ്ങളിൽ സ്ഥാപിക്കുവാൻ പദ്ധതികൾ ഉണ്ടോ; വിശദമാക്കുമോ? | (സി) | നഗരങ്ങളിലെ തിരക്കേറിയതും വിഷലി പ്തവുമായ അന്തരീക്ഷം മൃഗങ്ങളുടെ ആരോഗ്യത്തിനും ആവാസവ്യവസ്ഥയ്ക്കും അനുയോജ്യമല്ല. മാത്രമല്ല സ്ഥല സൗകര്യം ലഭ്യമല്ല. ആയതിനാൽ മൃഗശാലകളുടെ 'മിനിയേച്ചർ' രൂപത്തി ലുള്ള മൃഗങ്ങളുടെ പാർക്കുകൾ നഗരങ്ങ ളിൽ സ്ഥാപിക്കുവാൻ ഇപ്പോൾ പദ്ധതി യില്ല. എന്നാൽ നഗരങ്ങൾക്ക് പുറത്ത് ശാന്തമായ ആവാസവ്യവസ്ഥയൊരുക്കു വാനാവശ്യമായ സ്ഥലസൗകര്യം ലഭ്യമാ ക്കുന്നമുറയ്ക്ക് കേന്ദ്ര മൃഗശാലാ അതോറിറ്റി, പ്രഥമ വന്യ മൃഗപാലകൻ എന്നിവരുടെ അനുവാദത്തോടെ അധികമായി വരുന്ന മൃഗങ്ങളെ പുനരധിവസിപ്പിക്കുന്ന കേന്ദ്ര ങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് |

സെക്ഷൻ ഓഫീസർ.